## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3082** 15/02/2013 ൽ മറുപടിയ്ക്ക്

## റീ സർവ്വെ വിവരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വേ നിർത്തലാക്കിയോ ; | (എ) സംസ്ഥാനത്ത് റീസർവ്വേ പൂർണ്ണമായി നിർത്തലാക്കിയിട്ടില്ല. 31/10/2012 ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 409/12/റവന്യൂ പ്രകാരം റീസർവ്വേ സർക്കാർ ഭൂമിയിലും, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമികളിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ആയതിന് പകരമായി എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് എന്നതിന്റെ വിശദാംശം അറിയിക്കുമോ ; | (ബി) സ്വകാര്യ ഭൂമിയിലെ റീസർവ്വേ ആണ് നിർത്തലാക്കിയത്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലും റീസർവ്വെ ആവശ്യാനുസരണം നടത്തുവാൻ പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് റീസർവ്വേ നടത്തിയിട്ടില്ലാത്തതും നടത്തിയതുമായ ഭൂമിയുടെ വിസ്തൃതി വിവരം ജില്ലാടിസ്ഥാനത്തിൽ വേർതിരിച്ച് വ്യക്തമാക്കുമോ ; | (സി) വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) സംസ്ഥാനത്തെ റീസർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിനും പൂർത്തീകരിച്ചതിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുമായി ഈ സർക്കാർ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) സ്വകാര്യ ഭൂമിയിലെ റീസർവ്വേ നിർത്തിവച്ച സാഹചര്യത്തിൽ റീസർവ്വേ ജോലികൾ പൂർത്തിയാക്കുവാൻ കഴിയുന്നില്ല. റീസർവ്വേ പൂർത്തീകരിച്ചതിലുള്ള അപാകതകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി 31/05/2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) 200/10/റവന്യൂ നമ്പർ ഉത്തരവ് |

പ്രകാരം റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും മേൽ നടപടികൾ സ്വീകരിക്കേണ്ട ചുമതല അഡീഷണൽ തഹസീൽദാരിൽ നിക്ഷിപ്തമാക്കുകയും, ആവശ്യത്തിന് സർവ്വേ ജീവനക്കാരെ വിന്യസിക്കുകയും ആവശ്യമായ സംവിധാനങ്ങൾ താലൂക്കടിസ്ഥാനത്തിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | ഇല്ലായെങ്കിൽ സമയബന്ധിതമായി റീസർവ്വേ സംസ്ഥാനത്ത് സമ്പൂർണ്ണമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് തയ്യാറാകുമോ? | (ഇ) | റീസർവ്വേ സമ്പൂർണ്ണമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ